## മധുരമായ കുട്ടികളെ - സത്യമായ ബാബയ്ക്ക് സത്യം-സത്യമായ കണക്ക് നൽകൂ, ഓരോ കാര്യത്തിലും ശ്രീമതമെടുത്തുകൊണ്ടിരിക്കൂ, ഇതിൽ തന്നെയാണ് നിങ്ങളുടെ മംഗളമുള്ളത്

**ചോദ്യം:-** ഇപ്പോൾ നിങ്ങൾ ഏത് വ്യാപാരം ഏതൊരു വിധിയിൽ ചെയ്യുന്നു?
**ഉത്തരം:-** സമർപ്പിത ബുദ്ധിയായി പറയുന്നു- ബാബാ ഞാൻ അങ്ങയുടേതാണ്, ഈ ശരീരം-മനസ്സ്-ധനം എല്ലാം അങ്ങയുടേതാണ്. പിന്നീട് ബാബ പറയുന്നു, കുട്ടീ സ്വർഗ്ഗത്തിന്റെ ചക്രവർത്തീ പദവി താങ്കളുടേതാണ്. ഇതാണ് വ്യാപാരം. എന്നാൽ ഇതിൽ സത്യമായ ഹൃദയം ആവശ്യമാണ്. നിശ്ചയവും ഉറച്ചതായിരിക്കണം. തന്റെ സത്യം-സത്യമായ കണക്ക് ബാബയ്ക്ക് നൽകണം.

**ഗീതം:-** നീ തന്നെ മാതാവും പിതാവും.....

**ഓം ശാന്തി**. ബാബ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു - കുട്ടികൾക്കറിയാം ഇപ്പോൾ നമ്മൾ ബ്രഹ്മാകുമാരനും കുമാരിമാരും ശ്രീമതത്തിന്റെ അർത്ഥം അറിഞ്ഞിരിക്കുന്നു. ശിവബാബയുടെ മതത്തിലൂടെ വീണ്ടും നമ്മൾ ദേവീ-ദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുന്നു. ഇത് നിങ്ങൾ ഓരോരുത്തർക്കുമറിയാം അതായത് കൽപകൽപം പരംപിതാ പരമാത്മാവ് വന്ന് ബ്രഹ്മാവിലൂടെ കുട്ടികളെ ദത്തെടുക്കുന്നു. നിങ്ങൾ ദത്തെടുക്കപ്പെട്ട ബ്രാഹ്മണരാണ്. മടിത്തട്ട് നേടിയിരിക്കുന്നു. ആദി സനാതന ദേവീ-ദേവതാ ധർമ്മം കാലഹരണപ്പെട്ടിരിക്കുന്നു, അതിനെ വീണ്ടും നമ്മൾ കൽപം മുൻപത്തേതു പോലെ ശ്രീമതത്തിലൂടെ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു, എന്തെല്ലാം കർമ്മമാണോ നടക്കുന്നത്, ശിക്ഷണങ്ങളാണോ ലഭിക്കുന്നത്, കൽപം മുൻപത്തേത് പോലെയാണ്, *ഡ്രാമയനുസരിച്ച്* നമ്മൾ കർമ്മം ചെയ്തു കൊണ്ടിരിക്കുന്നു. അറിയാം നമ്മൾ ശ്രീമതത്തിലൂടെ നമ്മുടെ ദൈവീക സ്വരാജ്യം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ആരെല്ലാം എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നോ, കാരണം സൈന്യത്തിൽ ചിലർ സതോപ്രധാന പുരുഷാർത്ഥികളാണ്, ചിലർ സതോ, ചിലർ രജോ പുരുഷാർത്ഥികളുമാണ്. ചിലർ മഹാരഥികൾ, ചിലർ കുതിര സവാരിക്കാർ, ചിലർ കാലാൾപ്പട ഇങ്ങനെ പേര് നൽകിയിട്ടുണ്ട്. നമ്മൾ ഗുപ്തമാണെന്ന സന്തോഷം കുട്ടികൾക്കുണ്ട്. ഭൗതീകമായ ആയുധങ്ങളൊന്നും പ്രയോഗിക്കേണ്ടതില്ല. ദേവികൾക്ക് ആയുധങ്ങൾ മുതലായ എന്തെല്ലാമാണോ കാണിക്കുന്നത് അതെല്ലാം ജ്ഞാനത്തിന്റെ അസ്ത്ര ശസ്ത്രങ്ങളാണ്. ആയുധങ്ങളുടേത് ഭൗതീക ബാഹുബലമാണ്. സ്ഥൂമായ ആയുധങ്ങൾ എടുക്കുന്നില്ല എന്ന് മനുഷ്യർക്കറിയില്ല, ഇതിനെ ജ്ഞാന ബാണമെന്നാണ് പറയുന്നത്. ചതുർഭുജത്തിലും എന്തെല്ലാം അലങ്കാരങ്ങളാണോ കാണിക്കുന്നത്, അതിലും ജ്ഞാനത്തിന്റെ ശംഖാണ്, ജ്ഞാനത്തിന്റെ ചക്രമാണ്, ജ്ഞാനത്തിന്റെ ഗദയാണ്. എല്ലാം ജ്ഞാനത്തിന്റെ കാര്യങ്ങളാണ്. മനസ്സിലാക്കി തരുന്നു, ഗൃഹസ്ഥ വ്യവഹാരത്തിൽ കമല പുഷ്പ സമാനം കഴിയൂ, അതുകൊണ്ട് താമരയും നൽകുന്നു. ഇപ്പോൾ നിങ്ങൾ ഇതിന്റെ *പ്രാക്റ്റിക്കൽ* ഭാഗത്തിലാണ്. കമല പുഷ്പ സമാനം ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞുകൊണ്ടും നിങ്ങളുടെ ബുദ്ധിയിൽ ജ്ഞാനമുണ്ട്. നമ്മൾ ഒരു ബാബയെ ഓർമ്മിക്കുന്നു. ഇത് കർമ്മയോഗ സന്യാസമാണ്. തന്റെ രചനയെയും സംരക്ഷിക്കണം. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് മുൻപ് ദുഃഖത്തിന്റെ വ്യവഹാരമായിരുന്നു. പരസ്പരം ദുഃഖം മാത്രമാണ് നൽകിക്കൊണ്ടിരുന്നത്. ഇവിടുത്തെ സുഖം കാക്ക കാഷ്ടത്തിന് സമാനം മോശമാണ്. മാലിന്യത്തിലെ കീടങ്ങളായി മാറിയിരിക്കുന്നു. രാത്രിയുടെയും പകലിന്റെയും വ്യത്യാസമുണ്ടെന്ന് കുട്ടികൾക്കറിയാം. ബാബ നമ്മളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നു. ഇപ്പോൾ നമ്മൾ നരകത്തിന്റെ അധികാരികളാണ്. നരകത്തിൽ എന്ത് സുഖമാണുണ്ടായിരിക്കുക! നിങ്ങൾ കുട്ടികൾ ഇത് കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നു. ബാബ കുട്ടികൾക്ക് ഈ ജ്ഞാനം മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നു. സ്വർഗ്ഗം കുട്ടികൾക്ക് വേണ്ടി തന്നെയാണ്. *നമ്പർവൈസ്* പുരുഷാർത്ഥമനുസരിച്ച് കുട്ടികൾ നല്ല രീതിയിൽ ഈ കാര്യങ്ങൾ മനസ്സിലാക്കിയിരിക്കും. ഏറ്റവും ആദ്യം നിശ്ചയം ഉണ്ടായിരിക്കണം. നിശ്ചയബുദ്ധി വിജയന്തി. നിശ്ചയം ഉറച്ചതാണെങ്കിൽ അവർ നിശ്ചയത്തോടെ തന്നെ കഴിയും. ഒന്ന് ശിവബാബയുടെ ഓർമ്മയുണ്ടായിരിക്കും ഒപ്പം സന്തോഷത്തിന്റെ രസവും ഉയർന്നിരിക്കും. സമർപ്പിത ബുദ്ധിയുമായിരിക്കും. പറയന്നു ബാബാ ഞാൻ അങ്ങയുടേതാണ്. ഈ ശരീരം-മനസ്സ്-ധനം എല്ലാം അങ്ങയുടേതാണ്. ബാബയും പറയുന്നു - സ്വർഗ്ഗത്തിന്റെ ചക്രവർത്തീ പദവി താങ്കൾക്കുള്ളതാണ്. നോക്കൂ, എങ്ങനെയുള്ള വ്യാപാരമാണ്. സത്യമായ സന്താനമാകണം. കുട്ടിയുടെ പക്കൽ എന്താണുള്ളത്? എല്ലാം ബാബയ്ക്കറിയണം. ഞാൻ എന്താണ് നൽകുന്നത്? നിങ്ങളുടെ പക്കൽ എന്താണുള്ളത്? ബാബ നല്ല

രീതിയിൽ മനസ്സിലാക്കി തരുന്നു. ഞാൻ ഏഴകളുടെ തോഴനാണ്. ധനവാന് സമർപ്പണമാകുന്നതിൽ ഹൃദയം പിളരും. പാവങ്ങൾ പെട്ടന്ന് തന്നെ പറയുന്നില്ലേ. വ്യാപാരം ചെയ്യുന്നു, ജോലി മുതലായവ എന്താണോ ചെയ്യുന്നത് അതിൽ നിന്ന് ഒന്നോ രണ്ടോ പൈസ അല്ലെങ്കിൽ 4 പൈസ കണ്ടെത്തുന്നു. ആർക്കാണോ ദാനം ചെയ്യാൻ വളരെ താത്പര്യമുള്ളത് അവരാണ് ദാനത്തിനായി കൂടുതൽ കണ്ടെത്തുന്നത്. എന്ത് തന്നെ ചെയ്യുകയാണെങ്കിലും, ഈശ്വരാർപ്പണമെന്ന് പറയുന്നു, അതിനാൽ അടുത്ത ജന്മത്തിൽ അൽപകാല സുഖം ലഭിക്കുന്നു. ആരെങ്കിലും വിദ്യാലയമോ, ആശുപത്രിയോ, സത്രമോ ഉണ്ടാക്കിയാൽ അടുത്ത ജന്മത്തിൽ അതിന്റെ നേട്ടം ലഭിക്കുന്നു. പുണ്യാത്മാവാകുകയല്ലേ. അവരുടെ ആരോഗ്യം നല്ലതായിരിക്കും. വിദ്യാലയത്തിൽ നന്നായി പഠിക്കും. അതെല്ലാം ഞാൻ തന്നെയാണ് നൽകുന്നത്. സാക്ഷാത്ക്കാരവും ഞാൻ തന്നെയാണ് ചെയ്യിക്കുന്നത്. ഓരോരുത്തരുടെയും കണക്ക് പുസ്തകം എന്റെ പക്കലുണ്ട്. *ഡ്രാമയനുസരിച്ച്* മുൻകൂട്ടി തന്നെ അടങ്ങിയിട്ടുണ്ട്. ധനം കൂടുതലുണ്ടെങ്കിൽ ക്ഷേത്രം മുതലായവ ഉണ്ടാക്കുന്നു, അത് ദാനധർമ്മമായി. തന്റെ *ഫാക്ടറി* മുതലായവയുടെ വരുമാനത്തിൽ നിന്ന് കുറച്ച് പണം കണ്ടെത്തി ക്ഷേത്രമുണ്ടാക്കുന്നു, ചിലർ പിന്നീട് *കോളേജ്* മുതലായവ പണിയുന്നു. ഈശ്വരാർത്ഥം ദാനം ചെയ്യുകയാണെന്ന് പറയുന്നു, എങ്കിൽ ഈശ്വരനും തിരിച്ച് നൽകും. ഞാൻ നിഷ്കാമ സേവനമാണ് ചെയ്യുന്നതെന്ന് ധാരാളം മനുഷ്യർ പറയാറുണ്ട്. എന്നാൽ നിഷ്കാമമാകുന്നില്ല. നിഷ്കാമമെന്ന ശബ്ദം എവിടെ നിന്നാണ് വന്നത്? ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് – നിഷ്കാമ സേവനം സാധ്യമല്ല. ഫലം തീർച്ചയായും ലഭിക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് ഗൃഹസ്ഥ വ്യവഹാരത്തിൽ തന്നെ കഴിയണം. ജോലി ചെയ്യണം, സംരക്ഷിക്കണം. കുട്ടികൾക്ക് കണക്ക് ബാബയ്ക്ക് നൽകണം. എത്ര അവശേഷിക്കുന്നുണ്ട്. ബാബ പറയും ശരി നീ ദരിദ്രനാണ്, സമ്പാദ്യമൊന്നും തന്നെയില്ല. തന്റെ രചനയെ പോലും പൂർണ്ണമായി പാലിക്കാൻ സാധിക്കുന്നില്ല. ശരി നീ ഒരു പൈസ നൽകണം. ഇതാണ് നിങ്ങളുടെ 21 ജന്മത്തേക്കുള്ള അവിനാശിയായ സമ്പാദ്യം. അതുണ്ടായിരുന്നത് അൽകാല സുഖത്തിന് വേണ്ടിയാണ്, ഇത് 21 ജന്മങ്ങളിലേക്കാണ്. ഒപ്പം ഇത് *ഡയരക്ടാണ്.* ബാബ പറയുന്നു, നിങ്ങൾക്ക് വിത്ത് വിതക്കുക തന്നെ വേണം. സുദാമ അവിൽ പിടി നൽകി, 21 ജന്മങ്ങളിലേക്ക് കൊട്ടാരം ലഭിച്ചു കാരണം ദരിദ്രനായിരുന്നു. ധനവാൻ വജ്രത്തിന്റെ പിടി നൽകിയാലും കാര്യം ഒന്നു തന്നെയാണ്. ബാബ ഒന്നും പറയുന്നില്ല. ഓരോരുത്തർക്കും അവരവർക്കുള്ള നിർദ്ദേശം നൽകുന്നു. നിങ്ങൾ ഇത്ര ചെയ്യൂ. ചോദിക്കുകയും ചെയ്യുന്നു ചിലവെല്ലാം എങ്ങനെയാണ് നടക്കുന്നത്? അൽപം അവശേഷിക്കുന്നുണ്ടെങ്കിൽ അതനുസരിച്ച് നിർദ്ദേശം നൽകും. ആവശ്യ സമയത്ത് പ്രയോജനപ്പെടും. നിർദ്ദേശം നൽകും ഇത്ര ചെയ്യൂ, ബാക്കി ഉത്തരവാദിത്വം എനിക്കാണ്. ശരി വീട്ടിൽ ഒരു *ഹാളുണ്ടാക്കൂ*, അടെ കുമാരിമാർ വന്ന് സേവനം ചെയ്യും. വലിയ–വലിയ *ഹോസ്പിറ്റലുകൾ* ഉണ്ടാക്കുന്നുണ്ട്, ഇതും വളരെ വലുത് ഉണ്ടാക്കേണ്ടി വരും. ധാരാളം പേർ വരും. കൂടുതൽ പണമുണ്ടെങ്കിൽ ഈ *ഹോസ്പിറ്റൽ, കോളേജ്* തുറക്കൂ. ഗ്രാമം ഏതുപോലെയാണോ അതിനനുസരിച്ചായിരിക്കണം. എത്ര കുട്ടികൾ വന്ന് ആരോഗ്യത്തിന്റെയും ധനത്തിന്റെയും സമ്പത്തെടുക്കും. ഇപ്പോൾ നിങ്ങൾക്ക് ഇങ്ങനയിങ്ങനെ ചെയ്യുന്നതിലൂടെ രാജ്യഭാഗ്യം ലഭിക്കും, വളരെ പേരുടെ മംഗളമുണ്ടാകും. 21 ജന്മത്തേക്ക് നിങ്ങളിതുപോലെയായി മാറും. കുട്ടികളെ പൂർണ്ണമായി സംരക്ഷിക്കണം. സാധു–സന്യാസിമാർക്ക് ഈ കാര്യങ്ങളുണ്ടായിരിക്കില്ല. അവർ തന്റെ സന്യാസ കുലത്തിന്റെ അഭിവൃദ്ധി ചെയ്തുകൊണ്ടിരിക്കും, താപസൻമാർ തുടങ്ങിയവരെ ഉണ്ടാക്കും. ഇവിടെ ആര് എത്രത്തോളം പരിശ്രമിക്കുന്നോ അത്രയും സിംഹാസനത്തിന് അധികാരിയാകും. ഈ സമ്പത്ത് ലഭിക്കുന്നു. ആരെല്ലാം കുട്ടികളായുണ്ടോ അവർക്കെല്ലാം ബാബയിൽ നിന്ന് സമ്പത്ത് ലഭിക്കുന്നു. കേവലം ബാബ പറയുന്നു കുട്ടികളേ നിങ്ങളെന്നെ മറന്നു പോയി അല്ലേ. നിങ്ങളെത്ര അലഞ്ഞു. കല്ലിലും–മുള്ളിലും പോയി അന്വേഷിച്ചന്വേഷിച്ച് തന്റെ തന്നെ കാലുകൾ തളർന്നു. ഇതും *ഡ്രാമയിൽ* അടങ്ങിയിട്ടുണ്ട്, വീണ്ടും ഇങ്ങനെ തന്നെ സംഭവിക്കും. സൂര്യവംശി വന്നു, ചന്ദ്രവംശി വന്നു, പിന്നീട് എങ്ങനെയാണ് വർദ്ധിച്ചത്, ജന്മങ്ങളെടുത്തത്. ഇതെല്ലാം നിങ്ങളുടെ ബുദ്ധിയിലുണ്ട്. ഭക്തി മാർഗ്ഗത്തിലും ഫലം നൽകുന്നത് ഞാനാണ്. കല്ലിന്റെ ജഡമൂർത്തി എന്ത് നൽകാനാണ്. ഇപ്പോൾ നിങ്ങൾ ശൂദ്ര വർണ്ണത്തിൽ നിന്ന് ബ്രാഹ്മണ വർണ്ണത്തിലേതായിരിക്കുന്നു.

നിങ്ങൾക്കറിയാം നമ്മൾ വീണ്ടും ശ്രീമതത്തിലൂടെ ആദി സനാതന ദേവീ ദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്. കൽപം മുൻപും ചെയ്തിരുന്നു. പിന്നീട് 84 ജന്മങ്ങളുടെ ചക്രത്തിലേക്ക് വന്നു. ബാക്കി ഇസ്ലാമി, ബൗദ്ധി തുടങ്ങിയതെല്ലാം ഉപവൃക്ഷങ്ങളാണ്. നാടകം മുഴുവൻ ഭാരതത്തിലാണ്. നിങ്ങൾ തന്നെയായിരുന്നു ദേവതാ, നിങ്ങൾ തന്നെ അസുരനായിരിക്കുന്നു. രാവണന്റെ പ്രവേശത കാരണം നിങ്ങൾ വാമമാർഗ്ഗത്തിലേക്ക് വീണ് വികാരിയായിരിക്കുന്നു. ഭ്രഷ്ടാചാരം ആരംഭിക്കുന്നു. ഭ്രഷ്ടാചാരവും ആദ്യം സതോപ്രധാനവും പിന്നീട് സതോ, രജോ, തമോയുമാകുന്നു. ബാബ മനസ്സിലാക്കി തരുന്നു ഈ സമയം മുഴുവൻ വൃക്ഷവും ജീർണ്ണാവസ്ഥയെ പ്രാപിച്ചിരിക്കുന്നു. ഇപ്പോൾ ഇത് സമാപ്തമാകുക തന്നെ

വേണം. നാമാവശേഷമായ ആ ദേവതാ ധർമ്മം അത് വീണ്ടും സ്ഥാപിതമാകണം. കൽപ-കൽപം ഇതിന്റെ സ്ഥാപന നടത്തുന്നു. എന്നാൽ ഇതിന്റെ വർണ്ണന നിയമാനുസൃതമല്ല. *നമ്പർവൺ* കാര്യം ഭഗവാനുവാചയാണ്. ഭഗവാൻ ഒരാളായിരിക്കില്ലേ. സർവ്വവ്യാപിയുടെ ജ്ഞാനത്തിലൂടെ ഭക്തി പോലും നടക്കുകയില്ല. *ഓ ഗോഡ്* എന്ന് ആരെയാണ് വിളിക്കുന്നത്. സർവ്വവ്യാപിയാണെങ്കിൽ *ഓ ഗോഡെന്നും* വിളിക്കാൻ സാധിക്കില്ല. സതോപ്രധാനത്തിൽ നിന്ന് പിന്നീട് സതോ രജോ തമോയിലേക്ക് വരിക തന്നെ വേണം, അതുകൊണ്ട് എല്ലാവരും പതിതരാണ്. പതിത-പാവനാ വരൂ എന്ന് പാടുന്നുമുണ്ട്. ബാബ വരുന്നത് തന്നെ പാവനമാക്കുന്നതിനാണ്. നിങ്ങൾ പാവനമായിക്കൊണ്ടിരിക്കുന്നു. ദുഃഖത്തിൽ എല്ലാവരും ഓർമ്മിക്കുന്നു. എപ്പോഴാണോ ആപത്തുകൾ വരുന്നത് അപ്പോൾ അല്ലയോ ഭഗവാനെന്ന് പറഞ്ഞ് എല്ലാവരും ഓർമ്മിക്കുന്നു, എന്നാൽ അറിയുന്നില്ല. നിങ്ങൾക്ക് ജ്ഞാനം ലഭിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾക്ക് തന്നെ വീണ്ടും ദേവീ-ദേവതയാകണം. ഇപ്പോളിത് കണക്കടുപ്പിന്റെ സമയമാണ്, എല്ലാവരുടെയും കണക്കുകൾ തീർപ്പാകണം. ഇപ്പോൾ എല്ലാവരും ശ്മശാന വാസികളാണ്, ബാബ വന്ന് ഉണർത്തുകയാണ്. ഈ ജ്ഞാനം ആരുടെയും കയ്യിലില്ല. വന്നുകൊണ്ടിരിക്കും, ആയിക്കൊണ്ടിരിക്കും, വർദ്ധിച്ചുകൊണ്ടിരിക്കും. ഞാൻ ഈ അവസ്ഥയിൽ ഏത് പദവി നേടും! ബാബയോട് ചോദിക്കാൻ സാധിക്കും. തന്റെ അവസ്ഥയിലൂടെ മനസ്സിലാക്കാൻ സാധിക്കും. ഇപ്പോൾ വളരെ *മാർജിനുണ്ട്.* നിങ്ങളെല്ലാവരും ബാബയെ ഓർമ്മിക്കുന്നതിന്റെ പുരുഷാർത്ഥികളാണ്. സമ്പൂർണ്ണമാകുന്നത് അന്തിമത്തിലാണ്. പരീക്ഷ പൂർത്തിയായാൽ പിന്നീട് യുദ്ധം ആരംഭിക്കുന്നു. എപ്പോൾ നിങ്ങൾ സമീപത്തെത്തുന്നോ അപ്പോൾ ധാരാളം പേർക്ക് സാക്ഷാത്ക്കാരമുണ്ടായിക്കൊണ്ടിരിക്കും. ഓരോരുത്തരും എന്ത് പദവി നേടും! എല്ലാവർക്കും മനസ്സിലാക്കാൻ സാധിക്കും. വിവേകത്തിന്റെ കാര്യമല്ലേ. ആത്മാവ് വിവേകശൂന്യ മായിരിക്കുന്നു. ഇപ്പോൾ വീണ്ടും ബാബ കക്കയിൽ നിന്ന് വജ്ര സമാനമാക്കുന്നതിന് വേണ്ടി വിവേകശാലിയാക്കുന്നു. ബാബ പറയുന്നു - കുട്ടികളേ ഇത് യുദ്ധ മൈതാനമാണ്, ധാരാളം കൊടുങ്കാറ്റുകൾ വരും. എല്ലാ രോഗങ്ങളും പുറത്ത് വരും. തന്റെ കഴിവിൽ സമർത്ഥരാകൂ.

ഉസ്താദ് സഹായിക്കില്ല. ജയിക്കുന്നതോ തോൽക്കുന്നതോ നിങ്ങളുടെ കയ്യിലാണ്. ഉസ്താദ് പറയുന്നു ഇത് മായയുടെ യുദ്ധമാണ്. മായ വളരെയധികം എതിരിടും. 5-6 വർഷം ശരിയായി നടന്നിട്ടും പിന്നീട് ആഗ്രഹിക്കാതെ തന്നെ ഉറക്കം പോലും കെടുത്തുന്ന രീതിയിൽ ശക്തമായി കൊടുങ്കാറ്റടിക്കും. ശക്തനാണെങ്കിൽ തളരരുത്. പരാജയപ്പെടരുത്. ഇതിൽ ചെറിയ ചെറിയ നാടകങ്ങളും കാണിക്കാറുണ്ട്, അതായത് ഭഗവാൻ എങ്ങനെയാണ് തന്റെ വശത്തേക്കും, രാവണൻ എങ്ങനെയാണ് തന്റെ വശത്തേക്കും വലിക്കുന്നതെന്ന്. നിങ്ങൾ ഓർമ്മയിൽ കഴിയാൻ ആഗ്രഹിക്കുന്നു മായ കൊടുങ്കാറ്റിലേക്ക് കൊണ്ട് വരുന്നു, അതുണ്ടാകും. യുദ്ധം ചെയ്തുകൊണ്ടിരിക്കണം. നിങ്ങൾ കർമ്മയോഗിയാണ്. അതിരാവിലെ എഴുന്നേറ്റ് അഭ്യസിക്കൂ, ബാബയെ ഓർമ്മിക്കൂ. നിങ്ങളുടേത് ഗുപ്തമാണ്. ഗുപ്ത സൈന്യത്തെക്കുറിച്ചും പായിടിട്ടുണ്ട് അറിയപ്പടാത്ത യോദ്ധാക്കൾ, എന്നാൽ വളരെയധികം അറിയപ്പെടുന്നവർ. നിങ്ങളുടെ ഓർമ്മ ചിഹ്നമായ ഈ ദിൽവാഡാ ക്ഷേത്രം അറിയപ്പെടാത്ത യോദ്ധാക്കളുടെ ക്ഷേത്രമാണ്. ലക്ഷ്മീ-നാരായണന്റേതല്ല. ഇവർ പിന്നീട് ലക്ഷ്മീ-നാരായണനാകുന്നു. നിങ്ങളുടേതെല്ലാം ഗുപ്തമാണ്. സ്ഥൂലമായ വാൾ മുതലായ ഒന്നും തന്നെയില്ല, ഇതിൽ കേവലം ബുദ്ധിയുടെ മാത്രം ജോലിയാണ്. പാടുന്നുമുണ്ട് ആത്മാക്കളും പരമാത്മാവും വളരെക്കാലം വേർപെട്ടിരുന്നു.... മനുഷ്യർ ഗുരുവാകുന്നു. സത്ഗുരു ഒരേഒരു നിരാകാരനാണ്. ഭഗവാനെ പതിത-പാവനനെന്നു പറയുമ്പോൾ സത്ഗുരുവായില്ലേ. ബാക്കി അവരെല്ലാവരും കലിയുഗീ കർമ്മ കാണ്ഢത്തിന്റേതാണ്. എല്ലാവരും കൈകൊട്ടി വിളിക്കുന്നു പതിത-പാവനാ..... എല്ലാ സീതമാരുടെയും രാമൻ ഒരാളാണ്. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ ജ്ഞാനവും വന്നിരിക്കുന്നു. തന്റെ അവസ്ഥയെ നോക്കണം അതായത് എന്നിൽ ഒരവഗുണവുമില്ലല്ലോ. ക്രോധത്തിന്റെ ഭൂതമോ കാമത്തിന്റെ ഭൂതമോ ഉണ്ടായിരിക്കരുത്. എഴുതുന്നു, എന്താണ് സംഭവിക്കുന്നതെന്ന് അറിയില്ല! വളരെ കൊടുങ്കാറ്റുകൾ വരുന്നു. ബാബ പറയുന്നു ഇത് വരിക തന്നെ ചെയ്യും, വളരെ ബുദ്ധിമുട്ടിക്കും. എന്നാൽ നിങ്ങൾക്ക് ജാഗ്രതയോടെ കഴിയണം. ബാബയെ ഓർമ്മിക്കണം. ബാബാ അങ്ങയുടേത് അദ്ഭുതമാണ്. അങ്ങ് എങ്ങനെയാണ് രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുന്നതെന്ന് ആർക്കും അറിയില്ല. നമ്മൾ ഭാരതത്തിന്റെ ഈശ്വരീയ സേവകരാണ്. നിരാകാരനായ ശിവന്റെ ജയന്തിയും ആഘോഷിക്കുന്നുണ്ട്. എന്നാൽ ശിവൻ എപ്പോൾ, എങ്ങനെയാണ് വന്നത്, ഇതറിയില്ല. നിങ്ങൾക്കറിയാം ശിവബാബ പ്രജാപിതാ ബ്രഹ്മാവിലൂടെ നമുക്ക് സമ്പത്ത് നൽകിക്കൊണ്ടിരിക്കുകയാണ്. ഇത് മുത്തച്ഛന്റെ സമ്പത്താണ്. എല്ലാവരും ബാബാ ബാബായെന്ന് പറയാറുണ്ട്. അച്ഛനും മുത്തച്ഛനുമാണ്. ആത്മീയ അച്ഛനും, ഭൗതീക മുത്തച്ഛനും. ആ പരമാത്മാവ് ഇദ്ദേഹത്തിലൂടെ സമ്പത്ത് നൽകിക്കൊണ്ടിക്കുന്നു, ഇത് ബുദ്ധിയിലുണ്ടായിരിക്കണം. ശ്രീമത്തിലൂടെ നടക്കണം. മൻമനാഭവയും ചക്രത്തിന്റെ രഹസ്യവും വളരെ സഹജമാണ്. സ്വദർശന ചക്രധാരിയുമാകണം. നിങ്ങൾ സ്വദർശന ചക്രരധാരിയാണ് എന്നാൽ അലങ്കാരം വിഷ്ണുവിന്

നൽകിയിരിക്കുന്നു കാരണം നിങ്ങളിപ്പോൾ സമ്പൂർണ്ണമായിട്ടില്ല. ഏറ്റവും ആദ്യം അത് നമ്മുടെ അച്ഛനും *ടീച്ചറുമാണെന്ന* നിശ്ചയമുണ്ടായിരിക്കണം, നമുക്ക് ശിക്ഷണം നൽകിക്കൊണ്ടിരിക്കുകയാണ്. സത്ഗുരു കൂടെ കൊണ്ട് പോകും. ആ ബാബയ്ക്ക് അച്ഛനും *ടീച്ചറും* ഗുരുവുമില്ല. എത്ര വ്യക്തമായാണ് മനസ്സിലാക്കി തരുന്നത്, എന്നിട്ടും ബുദ്ധിയിലിരിക്കുന്നില്ല. ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞുകൊണ്ടും നിർമ്മോഹിയാകണം. നമ്മൾ ഒരു ബാബയുടേതായിരിക്കുന്നു, ഇത് ബുദ്ധിയിലുണ്ടായിരിക്കണം. നിങ്ങൾക്ക് അന്ധരുടെ ഊന്നുവടിയാകണം. മിത്ര സംബന്ധി മുതലായവരോട് സംസാരിച്ച് -സംസാരിച്ച് ഇത് ചോദിക്കൂ, പതിത- പാവനൻ പരംപിതാ പരമാത്മാവുമായി നിങ്ങൾക്ക് എന്ത് സംബന്ധമാണുള്ളത്? നിങ്ങളുടെ ലൗകീക അച്ഛൻ ഇന്നാളല്ലേ. പിന്നീട് പരംപിതാ പരമാത്മാവ് ആരുടെ അച്ഛനാണ്? തീർച്ചയായും നമ്മുടേത് തന്നെയെന്ന് പറയും. ശരി ബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണ്. ഭാരതം സ്വർഗ്ഗമായിരുന്നു, ഇപ്പോളല്ല. വീണ്ടും പരിധിയില്ലാത്ത അച്ഛനിൽ നിന്ന് സമ്പത്തെടുക്കൂ, ഇത് നിങ്ങളുടെ അവകാശമാണ്. ഓർമ്മിക്കുന്നതിലൂടെ നിങ്ങൾ അവിടേക്ക് എത്തിച്ചേരും. എത്ര *പോയന്റുകളാണ്* ഇത് ബുദ്ധിയിൽ ധാരണ ചെയ്യണം. ശരി -

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം -

1) ഉള്ളിൽ കാമത്തിന്റെയോ ക്രോധത്തിന്റെയോ ഏതെങ്കിലും അവഗുണമുണ്ടെങ്കിൽ അതിനെ ഇല്ലാതാക്കി സത്യം-സത്യമായ ഈശ്വരീയ സേവകനാകണം. കൊടുങ്കാറ്റുകളിൽ ജാഗ്രതയോടെ കഴിയണം. തോൽക്കരുത്.

2) ബാബയുടെ നിർദ്ദേശത്തിലൂടെ സുദാമയെ പോലെ അവിൽ പിടി നൽകി 21 ജന്മത്തേക്ക് ചക്രവർത്തീ പദവി നേടണം.

## വരദാനം:-സംഘടനയിൽ സ്നേഹിയും നിർമ്മോഹിയുമാകുന്നതിന്റെ ബാലൻസിലൂടെ അചഞ്ചലരായിരിക്കുന്ന നിർവ്വിഘ്നരായി ഭവിക്കട്ടെ.

ബാബ എത്രയും വലിയ കുടുംബക്കാരനാണ്, പക്ഷെ എത്രയും വലിയ പരിവാരമാണോ അത്രയും നിർമ്മോഹിയും സർവ്വരുടെയും സ്നേഹിയുമാണ്, അതേപോലെ അച്ഛനെ അനുകരിക്കൂ. സംഘടനയിൽ ഇരുന്നുകൊണ്ടും സദാ നിർവ്വിഘ്നവും സന്തുഷ്ടവുമായിരിക്കുന്നതിന് വേണ്ടി എത്രയും സേവനമുണ്ടോ അത്രയും നിർമ്മോഹിയായിരിക്കണം. ആര് എത്ര തന്നെ ഇളക്കിയാലും, ഒരു ഭാഗത്ത് നിന്ന് ഒരാളും മറുഭാഗത്ത് നിന്ന് മറ്റൊരാളും ഉപദ്രവിച്ചാലും, രക്ഷാമാർഗ്ഗമൊന്നും കിട്ടിയില്ലെങ്കിലും, ആരെങ്കിലും നിന്ദിച്ചാലും സങ്കല്പത്തിൽ പോലും അചഞ്ചലരായിരിക്കണം, അപ്പോൾ പറയാം നിർവ്വിഘ്ന ആത്മാവ്.

## സ്ലോഗൻ:- ദേഹി-അഭിമാനി സ്ഥിതിയിലൂടെ ശരീരത്തിന്റെയും മനസ്സിന്റെയും ചഞ്ചലത സമാപ്തമാക്കുന്നവർ തന്നെയാണ് അചഞ്ചലരും ദൃഢതയുള്ളവരുമായിരിക്കുന്നത്.